# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/504/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ )
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.4/504/2023 തീയ്യതി: 31/03/2023

## മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-01-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ജലീൽ.ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2.ശ്രീ.റഷീദ്.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
3.ശ്രീമതി.സുജാത.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പുഷ്പവല്ലി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് മുഹസിൻ.കെ.പി | സെക്രട്ടറി | 01-04-2021 | 06-05-2021 |
| ശ്രീ.വിനോദ് പട്ടാളത്തിൽ | സെക്രട്ടറി | 07-05-2021 | 11-05-2021 |
| ശ്രീ.രാജീവ്.സി | സെക്രട്ടറി | 12-05-2021 | 20-06-2021 |
| ശ്രീ.സന്തോഷ്.എ.ജെ | സെക്രട്ടറി | 21-06-2021 | 01-08-2021 |
| ശ്രീ.രാജീവ്.സി | സെക്രട്ടറി | 02-08-2021 | 10-10-2021 |
| ശ്രീ.സന്തോഷ്.എ.ജെ | സെക്രട്ടറി | 11-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എമി പോൾ | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൽ മജീദ്.വി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അർച്ചന.വി.എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉസ്മാൻ പുളിക്കത്തുമ്പയിൽ | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ലാൽ പരമേശ്വർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചുങ്കത്തറ) | 01-04-2021 | 31-03-2022 |
| ശ്രീ.ഷിഹാബുൽ അക്ബർ.സി.ടി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദാലി.പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അനിഷ് ജോസ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 25-02-2022 |
| ശ്രീമതി.അബിത.കെ.ആർ | പട്ടിക ജാതി വികസന ഓഫീസർ | 26-02-2022 | 31-03-2022 |
| ഡോ.വിധു വർമ്മ എസ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. നീതു കൃഷ്ണ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 7 | ക്ഷേമപദ്ധതി. | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ. | 1-11 |
| 12 | ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയില്ല. | 1-12 |
| 13 | അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല | 1-13 |
| 14 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-14 |
| 15 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ - വാടക ഇനത്തിൽ വരവില്ല. | 1-15 |
| 16 | സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതികൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-16 |
| 17 | ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ | 1-17 |
| 18 | മിനി മാസ്റ്റ് സ്ഥാപിക്കൽ -ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കി. | 1-18 |
| 19 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവുകൾ - അപാകതകൾ. | 1-19 |
| 20 | ക്ലീൻ ഗ്രീൻ നിലമ്പൂർ - വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം - യൂണിറ്റ് സ്ഥാപിക്കൽ. | 1-20 |
| 21 | സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല. | 1-21 |
| 22 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങി. | 1-22 |
| 23 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ | 1-23 |

| | | |
|---|---|---|
| | അപാകതകൾ. | |
| 24 | എസ്.ടി കോളനികളിൽ പഠനവീട് അനുബന്ധ സാമഗ്രികൾ (ജനമൈത്രി എക്സൈസ്) - ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല. | 1-24 |
| 25 | സുഭിക്ഷ കേരളം പദ്ധതി- അടങ്കൽ തുകയേക്കാൾ 397628/- രൂപ അധികം ചെലവഴിച്ചു. | 1-25 |
| 26 | CHC മതിൽ നിർമ്മാണം; അപാകത കാരണം മതിൽ പൊളിച്ചു നീക്കി, വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ; 44457 രൂപ തിരിച്ചടച്ചു. | 1-27 |
| 28 | നേരിട്ടുള്ള നിർവ്വഹണം നടത്തിയ പ്രവൃത്തി; GST റിട്ടേൺ ഫയൽ ചെയ്യാതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 29 | കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിലെ അപാകതകൾ | 1-29 |
| 30 | കൺവീനർ പ്രവൃത്തി- അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി; 21082/- രൂപയുടെ നഷ്ടം. | 1-30 |
| 31 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-31 |
| 32 | അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തിസ്ഥലത്ത് ചെയ്യ്ത അളവുകളും തമ്മിൽ പൊരുത്തക്കേട്. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 25.02.2021 | ഇല്ല. |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 27.07.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5858295 |
| വരവ് | 107102341 |
| ആകെ | 112960636 |
| ചെലവ് | 97431973 |
| നീക്കിയിരിപ്പ് | 15528663 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36079000 | 36079000 | 35190389 | 888611 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10880212 | 10880212 | 10165682 | 714530 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 11620002 | 11620002 | 10674235 | 945767 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 12216146 | 12216146 | 9268826 | 2947320 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 8907815 | 8907815 | 6002250 | 2905565 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റ്റൈഡ്) | 0 | 16307111 | 16307111 | 7294856 | 9012255 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 161272539 | 109 | 79111767 | 0 | 42 | 72.18 |

### 1-6 തൊഴിലുറപ്പ് പദ്ധതി.

ഇല്ല.

### 1-7 ക്ഷേമപദ്ധതി.

ഇല്ല.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023 ന് 10.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2022 മുതൽ 03.12.2022 വരെ | 2021-2022 | 30.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2017 മുതൽ 24.01.2017 വരെ | 2016 -2017 | 10.02.2017 |

## 1-10 ആഭ്യന്തര നിയന്ത്രണം.

1). കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ (പ്രൊജക്ട് നമ്പർ. 74/22) എന്ന പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ആവശ്യത്തിനാണ് സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

2). ചെലവ് രേഖകൾ വൗച്ചർ നമ്പർ രേഖപ്പെടുത്തി വൗച്ചർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല.

3). ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4). ഡെപ്പോസിറ്റ്, അഡ്വാൻസ് വിവരങ്ങൾ ശരിയായി രജിസ്റ്ററുകളിൽ(ഡെപ്പോസിറ്റ്, അഡ്വാൻസ്) രേഖപ്പെടുത്തുന്നില്ല.

5). അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ ട്രഷറി അക്കൌണ്ട്, ബാങ്ക് അക്കൌണ്ട് എന്നിവയിലെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നില്ല.

6). ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല.

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). 2011 ലെ കേരള പഞ്ചായത്ത് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (ഇ) പ്രകാരമുള്ള അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6). വാർഷിക കണക്കിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(3) ).

7). ലഡ്ജർ ട്രയൽ ബാലൻസിലെ ക്ലോസിംഗ് ബാലൻസിൽ ഡെബിറ്റ് കോളത്തിലും ക്രഡിറ്റ് കോളത്തിലും തുക രേഖപ്പെടുത്തിയിട്ടുണ്ട്.

8). മുൻവർഷത്തെ അപാകതകൾ പരിഹരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.15/18.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 ടെണ്ടർ ഫോം വില ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചുങ്കത്തറ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ (നം.B1/69/22 തി.04.02.2022) ടെണ്ടർ സമർപ്പിച്ച 7 സ്ഥാപനങ്ങളിൽ നിന്നായി ടെണ്ടർ ഫോം വില ഇനത്തിൽ ഈടാക്കിയ 13200/-രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കാതെ എച്ച്.എം.സി അക്കൗണ്ടിൽ (SBI. 67208338628) സൂക്ഷിക്കുന്നു. ആയത് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 8/16.03.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-13 അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 19, ഉപചട്ടങ്ങൾ പ്രകാരം വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കുശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇത് ഒരു ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | ചെക്ക് നമ്പർ / തിയ്യതി | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി. | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| LGTSB 450250103 | 1953415/27.04.2021 | 27.04.2021 | 28.04.2021 | 31.05.2021 |
| | 1953416/27.04.2021 | 27.04.2021 | 28.04.2021 | 31.05.2021 |
| | 1953417/27.04.2021 | 27.04.2021 | 28.04.2021 | 31.05.2021 |
| | 1953418/27.04.2021 | 27.04.2021 | 28.04.2021 | 31.05.2021 |
| | 1953419/27.04.2021 | 27.04.2021 | 28.04.2021 | 31.05.2021 |
| | 1953420/04.05.2021 | 04.05.2021 | 05.05.2021 | 31.05.2021 |
| | 1953433/03.06.2021 | 03.06.2021 | 09.06.2021 | 10.06.2021 |
| | 1953435/03.06.2021 | 03.06.2021 | 15.06.2021 | 25.06.2021 |
| | 1953437/14.06.2021 | 14.06.2021 | 15.06.2021 | 25.06.2021 |
| | 1953445/02.07.2021 | 02.07.2021 | 06.07.2021 | 07.07.2021 |
| | 1953448/13.07.2021 | 13.07.2021 | 15.07.2021 | 27.07.2021 |
| | 1953451/30.07.2021 | 30.07.2021 | 02.08.2021 | 09.10.2021 |
| | 1953450/30.07.2021 | 30.07.2021 | 02.08.2021 | 09.10.2021 |
| | 1953456/11.08.2021 | 11.08.2021 | 12.08.2021 | 09.10.2021 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതും ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.14/18.03.23 മറുപടി ലഭ്യമാക്കിയില്ല)

## 1-14 മെഡിക്കൽ ഓഫീസർ -സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ചുങ്കത്തറ ) 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെയും ലഭിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും | 8,00,000/- (വികസന ഫണ്ട് | 295/14.04.22- 6838/-<br>715/21.04.22- 5129/- | 2,81,882/- |

| | | | | |
|---|---|---|---|---|
| | സഹായ ഉപകരണ വിതരണവും മരുന്ന് വാങ്ങലും (84/22) | ജനറൽ)<br>ബി.നം22/21-22 /26.03.2022-8,00,000/-<br>PRF. 6089/23.02.2022-800000/- | 9069/23.08.22- 192094/-<br>11098/16.09.22- 56136/-<br>13590/11.10.22- 8913/-<br>14824/30.10.22- 2405/-<br>15138/31.10.22- 28862/-<br>529/20.04.22- 88055/-<br>15336/03.11.22- 47396/-<br>15867/04.11.22- 39409/-<br>17014/14.11.22- 8170/-<br>21569/29.12.22- 206/-<br>25912/28.02.23- 34505/-<br>ആകെ- 518118 /- | |
| | ചുങ്കത്തറ സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (89/22) | 1000000/- (റോഡിതരം)<br>ബി.നം. 12/21-22 /23.12.2021- 877285/-<br>PRF. 3665/29.11.2021- 877285/-<br>ബി.നം. 15/21-22 /22.01.2022- 122715/-<br>PRF. 4219/18.12.2021- 122715/- | 15354/30.03.22- 85082/-<br>15239/28.03.22- 51440/-<br>4786/21.06.22- 33524/-<br>4393/15.06.22- 67907/-<br>8959/22.08.22- 68684/-<br>9505/26.08.22- 92068/-<br>11829/21.09.22- 50375/-<br>12192/26.09.22- 2535/-<br>14155/18.10.22- 3189/-<br>14856/25.10.22- 6602/-<br>15954/04.11.22- 55292/-<br>16579/09.11.22- 10080/-<br>17087/14.11.22- 6694/-<br>19187/30.11.22- 19923/-<br>19292/03.12.22- 15408/-<br>21495/28.12.22- 4127/-<br>23550/20.01.23- 3113/-<br>23901/25.01.23- 23108/-<br>24555/02.02.23- 144/-<br>25098/21.02.23- 9179/-<br>26124/01.03.23- 3933/-<br>26412/04.03.23- 87246/-<br>ആകെ-699653 /- | 300347/- (177632 +122715) |
| | സെക്കന്ററി പരിരക്ഷ (86/22) | 999869/- (വികസന ഫണ്ട് ജനറൽ)<br>ബി.നം18/21-22 /22.01.2022-132620/-<br>PRF. 4451/28.12.2021-132620/-<br>ബി.നം20/21-22 /26.02.2022-540000/-<br>PRF. 5093/25.01.2022-540000/- | PRF. 4451/28.12.2021-132620/-<br>1280/29.04.22- 41199/-<br>7713/04.08.22- 10605/-<br>12018/24.09.22- 21597/-<br>12533/29.09.22- 420/-<br>18389/23.11.22- 41199/-<br>21473/28.12.22- 7770/-<br>ആകെ-122790 /-<br>PRF. 5093/25.01.2022-540000/-<br>4486/16.06.22- 7959/-<br>7709/04.08.22- 49571/-<br>12022/24.09.22- 91786/-<br>13236/07.10.22- 86635/- | 55020/- (9830+45190) |

| | | | |
|---|---|---|---|
| | | 14025/17.10.22- 66882/-<br>14566/21.10.22- 44787/-<br>21464/28.12.22- 25901/-<br>26735/10.03.23- 121289/-<br>ആകെ-494810 /- | |

അവശേഷിക്കുന്ന6,37,249/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 7/ 16.03.2023)

## 1-15 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ - വാടക ഇനത്തിൽ വരവില്ല.

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകക്ക് നൽകാവുന്ന കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ കെട്ടിടങ്ങൾ വാടകക്ക് നൽകിയതിന്റെയും വാടക ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11/17.03.2023 ന് താഴെപ്പറയുന്ന മറുപടി ലഭ്യമാക്കി. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് SGSY ഇൻഫ്രാ സ്ട്രക്ചർ ഫണ്ടിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾ അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് തന്നെ നൽകുകയും ആയത് അവരുടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ച കെട്ടിടത്തിൽ ഫെസിലിറ്റി സെന്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് പെർഫോർമൻസ് ഓഡിറ്റ് , കാന്റീൻ എന്നിവയാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഫെസിലിറ്റി സെന്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് പെർഫോർമൻസ് ഓഡിറ്റ് എന്നിവക്ക് വാടക നൽകുന്നില്ല എന്നും കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാന്റീൻ നിലവിൽ നടത്തിവരുന്ന പുലരി സ്വയം സഹായ സംഘത്തിന് ദിവസം 10 രൂപ വാടക നിശ്ചയിച്ച് ഇലക്ട്രിസിറ്റി ബിൽ അവർ തന്നെ അടക്കുന്ന രീതിയിലാണ് നൽകിയിട്ടുള്ളതെങ്കിലും 2021-22 വർഷത്തിൽ വാടക അടവാക്കിയിട്ടില്ലെന്നും അറിയിച്ചു. സാമ്പത്തിക പ്രയാസങ്ങൾ കാരണം വാടക അടവാക്കുന്നതിന് സാവകാശം നൽകണമെന്ന് പുലരി സ്വയം സഹായ സംഘം കത്ത് നൽകിയതായും 2023 മാർച്ച് 31 നകം വാടക കുടിശ്ശിക അടവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മറുപടി നൽകി.
വാടക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതികൾ ചെലവ് രേഖകൾ ഹാജരാക്കിയില്ല

2021-22 വർഷത്തിൽ ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | അടങ്കൽ, ചെലവ് |
|---|---|
| ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (സംയുക്തം) 67/22 | അടങ്കൽ- 3465425/-(വികസനഫണ്ട് ജനറൽ)<br>ചെലവ്- 3465425/-(വികസനഫണ്ട് ജനറൽ) |
| അതുല്യം പദ്ധതി 71/22 | അടങ്കൽ- 333870 (വികസനഫണ്ട് ജനറൽ)<br>ചെലവ്- 333870 (വികസനഫണ്ട് ജനറൽ) |

മുകളിൽ പരാമർശിച്ച പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/13.03.2023 പ്രകാരം ആവശ്യപ്പെട്ടു. ആയതിന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ പദ്ധതി നിർവ്വഹണ ചുമതല വഹിച്ചിരുന്ന ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർ ശ്രീമതി.അർച്ചന.വി.എസ് എന്നവർ അസുഖത്തെ തുടർന്ന് വനിതാ ശിശു വികസന ഡയറക്ടറുടെ 28.09.2022 ലെ DWCD/4057/2022-E1 നമ്പർ ഉത്തരവ് പ്രകാരം 08.08.2022 മുതൽ 20.02.2023 വരെ ലീവിലാണെന്നും അസുഖം കാരണം പെട്ടെന്ന് അവധിയിൽ പ്രവേശിച്ചതിനാൽ മേൽപറഞ്ഞ ഫയലുകൾ ഇപ്പോൾ ചുമതല വഹിക്കുന്ന ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫീസർക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നും ചാർജ് അസ്യൂം ചെയ്ത് ഏറ്റെടുക്കുകയാണ് ചെയ്തതെന്നും ഫയലുകൾ കൈമാറാൻ കത്തയച്ചെങ്കിലും അസുഖം കൂടിയ സാഹചര്യത്തിൽ ഫയൽ ലഭ്യമാക്കിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.

രേഖകൾ ലഭ്യമായാലുടൻ ഓഡിറ്റ് വിഭാഗം ഓഫീസിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ഫയലുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക (3465425+333870) 3799295/-രൂപ തടസ്സം ചെയ്യുന്നു.

## 1-17 ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ 171/22 |
| അടങ്കൽ | 727910/- വികസന ഫണ്ട് ജനറൽ |
| ചെലവ് | 727910/- വികസന ഫണ്ട് ജനറൽ ബി.നം. 01/21-22 /25.03.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) |

പദ്ധതിയിലൂടെ തുക ചെലവഴിക്കാൻ ലക്ഷ്യം വെച്ചതിന്റെയും നടപ്പിലാക്കിയവയുടെയും വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | മരുന്ന് വാങ്ങൽ | 629130 | ഔഷധിക്ക് PRF 152360/21.02.2022 പ്രകാരം 629130 രൂപ മുൻകൂർ നൽകി. മുഴുവൻ മരുന്നുകളും ലഭ്യമായി. |
| 2 | ആരോഗ്യ സ്ഥാപനങ്ങൾക്കുള്ള മറ്റ് വസ്തുക്കൾ ഉപകരണങ്ങൾ | 86780 | 86340/- രൂപ ചെലവഴിച്ച് SIDCO യിൽ നിന്ന് വാങ്ങി. (PRF SMCMJRI/PI/21-22 /799/16.02.2022 ,ഇ.നം- MJRI/21-22 /469/25.3.22 |
| 3 | ആരോഗ്യ സ്ഥാപനങ്ങൾക്കുള്ള മറ്റ് വസ്തുക്കൾ ഉപകരണങ്ങൾ | 12000 | 2288/24.03.2022- 12000/- (Medicine Cover) 85/26.03.2022- 440/- (Glouse,Medicine Cover) |

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പദ്ധതിയിലെ ക്രമ നം. 2 ന് ക്വട്ടേഷൻ ക്ഷണിക്കാതെയാണ് SIDCO യെ തെരെഞ്ഞെടുത്തിട്ടുള്ളത്. ജി.ഒ (ആർ.ടി) നമ്പർ 49/2019/SPD/തിയതി 14.11.2019 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ ഒന്നും (വിശദവിവരം ചുവടെ ചേർക്കുന്നു.) തന്നെ SIDCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല.
SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 49/2019/SPD Dt 14.11.2019ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ കാലാവധി 14.11.2020 മുതൽ 1.11.2021 വരെ ദീർഘിപ്പിച്ചുകൊണ്ട് GO(RT) 10/2021/SPD Dt 03.03.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ SIDCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം SIDCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി

നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം വാങ്ങിയ താഴെ കാണിച്ച സാധനങ്ങൾ ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് വാങ്ങാൻ അംഗീകരിക്കപ്പെട്ടവയല്ല. കൂടാതെ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ അല്ല വാങ്ങിയിട്ടുള്ളതും.

വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രഫോർമ ഇൻവോയ്സ് വിവരം (PRF SMCMJRI/PI/21-22/799/16.02.2022)

| ITEM | Quantity | Rate | Amount |
|---|---|---|---|
| Fowlers Cot With Wheel & Side Gard 6X3 Feet | 2 | 21500 | 43000 |
| Wheel Chair | 2 | 8190.47 | 16380.94 |
| Traction Set | 4 | 2232.14 | 8928.56 |
| Walker | 4 | 2000 | 8000 |
| Grand Total (Including Tax) | | | 86340/- |

ഇൻവോയ്സ് വിവരം MJRI/21-22/469/25.3.22

| Item Name | Quantity | Rate | Amount |
|---|---|---|---|
| Knee Hammer | 3 | 230 | 690 |
| X-Ray View | 3 | 3600 | 10800 |
| Scissors -Forceps Set | 1 | 603 | 603 |
| Opthalmoscope | 1 | 9,800 | 9800 |
| Autoclave – Full Ss 12”x 22” | 1 | 19,000 | 19,000 |
| ENT Set | 2 | 3100 | 6200 |
| Steel Bin 9x 11 | 3 | 2400 | 7200 |
| Kidney Tray 10” | 3 | 280 | 840 |
| Ambu Bag | 1 | 2,040 | 2040 |
| Weighing Machine | 1 | 1,700 | 1700 |
| Nebuliser Machine | 1 | 2,500 | 2500 |
| Artery Forceps Curved 6” | 3 | 650 | 1950 |
| Artery Forceps Straight 6” | 3 | 650 | 1950 |
| Mosquito Forceps Straight 6” | 3 | 650 | 1950 |
| Needle Holder 6” | 3 | 650 | 1950 |
| Sinus Speculum | 3 | 580 | 1740 |
| Tooth Tissue | 3 | 580 | 1740 |
| Cholesterol Machine 3 In 1 | 1 | 4,890 | 4890 |
| Gluco Strip | 10 | 47 | 470 |
| Cholesterol Strip | 1 | 1,250 | 1250 |
| Uric Acid Strips | 25 | 38 | 950 |
| Grand Total (Including Tax) | | 91,231 | 91,231/- |

കുറിപ്പ്

Discount 4891/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (എഴുതി ചേർത്തത്). മേൽ ഇനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ പ്രകാരം വാങ്ങിയ ഇനങ്ങളുടെ സ്റ്റോക്ക് /ഇഷ്യൂ രജിസ്റ്റർ പേജ് 78 ൽ ചേർത്തതായും കണ്ടു.

പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങളിൽ ഒന്നുപോലും വാങ്ങാതെ മറ്റ് ലാബ് അനുബന്ധ സാധനങ്ങൾ ആണ് വാങ്ങിയിട്ടുള്ളത്. വ്യക്തമായ ആസൂത്രണവും ആവശ്യകത നിർണ്ണയിക്കുകയോ ചെയ്യാതെയാണ് പദ്ധതി

നടപ്പിലാക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. അപാകതകൾക്ക് കാരണം അറിയിക്കേണ്ടതാണ്.

2)ഔഷധി ഇ.നം 90253385/31.03.2022 ൽ ക്രമ നം. 39, 40 എന്നിവ പ്രകാരം BHADRADARVATHI K C 250GM (1+ 79) ആകെ 80 എണ്ണം ഉള്ളതിൽ 80 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയതായും (പേജ് നം. 39) എന്നാൽ അതോടൊപ്പം തന്നെ 79 എണ്ണം മാത്രമാണ് (1 Short) ലഭ്യമാക്കിയതെന്ന് ഇൻവോയ്സിലും സ്റ്റോക്ക് രജിസ്റ്ററിലും കുറിപ്പായി ചേർത്തതായും കാണുന്നു. പിന്നീട് ഒരെണ്ണം ലഭ്യമായ വിവരം രേഖപ്പെടുത്തിയിട്ടുമില്ല. ലഭ്യമായതിനേക്കാൾ 7 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് എങ്ങനെ എന്ന് വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10/17.03.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-18 മിനി മാസ്റ്റ് സ്ഥാപിക്കൽ -ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ നടപ്പിലാക്കി.

| പ്രൊജക്ട് നമ്പർ | 191/22 | 188/22 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | എസ്.സി.കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. |
| അടങ്കൽ തുക | 12,78,080/- രൂപ (വികസനഫണ്ട്-ജനറൽ) | 16,28,403/- രൂപ (വികസനഫണ്ട്- SCP) |
| ചെലവഴിച്ച തുക | 11,88,000/- രൂപ | 16,20,000/- രൂപ |
| ബിൽ നമ്പർ / തീയതി | 21150763010201532384 തീയതി. 30.03.2022 | 21150763010201532593 തീയതി. 30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി മൂത്തേടം, പോത്തുകല്ല്, ചാലിയാർ, എടക്കര, ചുങ്കത്തറ, വഴിക്കടവ് പഞ്ചായത്തുകളിലെ 9 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രൊജക്ട് നമ്പർ.191/22 പ്രകാരം 16,20,000/- രൂപയും, വിവിധ പഞ്ചായത്തുകളിലെ പട്ടികജാതി കോളനികളിലെ 11 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രൊജക്ട് നമ്പർ.188/22 പ്രകാരം 11,88,000/- രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, പള്ളിമുക്ക്,കൊല്ലം എന്ന സ്ഥാപനം മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലല്ലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. തദ്ദേശ സ്വയംഭരണ കോർഡിനേഷൻ കമ്മിറ്റിയുടെ 22-4-2015 ലെ 3(9), 22-7-2015 ലെ 3(4), 19.01.22 ലെ 4-31 തീരുമാനം എന്നിവ പ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക എന്നുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നിരസിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആകെ ചെലവ് തുകയായ 28,08,000/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.2/15.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല. )

## 1-19 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ചെലവുകൾ - അപാകതകൾ.

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയ്ക്കുള്ള ചെലവുകൾക്കായി 1,14,273/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). പരസ്യ ചാർജ്ജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ മാതൃഭൂമി ദിനപത്രം മുഖേന നൽകിയതിന് വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ. | ബിൽ നമ്പർ / തീയതി | നൽകിയ തുക | റിമാർക്സ്. |
|---|---|---|---|
| 1 | 211507620213010200438346/23.09.2021 | 4914 | ടെണ്ടർ പരസ്യങ്ങൾക്ക് മാതൃഭൂമി ദിനപത്രത്തിന് പരസ്യചാർജ്ജിനത്തിൽ |

| | | | |
|---|---|---|---|
| | | | നൽകിയ തുക. (Inv.N0.321000024211/10.07.2021) |
| 2 | 21150762021301020126 3287/07.03.2022 | 4341 | ടെണ്ടർ പരസ്യങ്ങൾക്ക് മാതൃഭൂമി ദിനപത്രത്തിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക. (Inv.N0.321000049398/21.09.2021) |

ജി.ഒ(ആർ.ടി)/2011/പി & എ.ആർ.ഡി തീയതി.04.01.2011 പ്രകാരം പരസ്യങ്ങൾ പി & എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു.

2). താഴെ പറയുന്ന 9 കുടിവെള്ള പദ്ധതികളുടെ ഭൂജല സർവ്വേക്കായി 2,035/- രൂപ നിരക്കിൽ 18,315/- രൂപ ഭൂജല സർവ്വേ മലപ്പുറം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | കുടിവെള്ള പദ്ധതിയുടെ പേര്. | ബിൽ നമ്പർ / തീയതി |
|---|---|---|
| 1 | ഏട്ടപ്പാറ കുടിവെള്ള പദ്ധതി, പോത്തുകൽ | |
| 2 | കൊന്നമണ്ണ എരകോൽകുന്ന് കുടിവെള്ള പദ്ധതി, ചുങ്കത്തറ | |
| 3 | കണ്ണംകുണ്ട് കുടിവെള്ള പദ്ധതി, ചാലിയാർ | |
| 4 | പഞ്ഞിമുക്ക് എസ്.സി കോളനി കുടിവെള്ള പദ്ധതി, വഴിക്കടവ് | |
| 5 | മണലി കളക്കുന്ന് എസ്.സി കുടിവെള്ള പദ്ധതി, ചുങ്കത്തറ | 2115076301020018 4738/ 08.07.2021 – 16,280/- രൂപ. |
| 6 | കൈപ്പിനി വരകുളം എസ്.സി കുടിവെള്ള പദ്ധതി, ചുങ്കത്തറ | |
| 7 | പൂളപ്പൊയ്ക മരുതങ്ങാട് എസ്.സി കുടിവെള്ള പദ്ധതി, എടക്കര | |
| 8 | മൂത്തേടം അങ്ങാടികുന്ന് കുടിവെള്ള പദ്ധതി, മൂത്തേടം. | |
| 9 | കൈതപ്പാടം എസ്.സി കോളനി കുടിവെള്ള പദ്ധതി | 2115076301020064 6467/ 08.11.2021 – 2,035/- രൂപ. |
| ആകെ | | 18,315/- രൂപ. |

എന്നാൽ ഭൂജല സർവ്വേ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.05/15.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 ക്ലീൻ ഗ്രീൻ നിലമ്പൂർ - വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം - യൂണിറ്റ് സ്ഥാപിക്കൽ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 194/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 2,85,572/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവഴിച്ച തുക | 25,435/- രൂപ. |
| ബിൽ നമ്പർ / തീയതി | 21150763010201511854/30.03.2022 |

ക്ലീൻ ഗ്രീൻ നിലമ്പൂർ - വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം - യൂണിറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം, 17.03.2022, 18.03.2022, 19.03.2022 തീയതികളിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ വച്ച് നടത്തിയ വനിതകൾക്കുള്ള സ്വയം തൊഴിൽ പരിശീലനത്തിനായി 25,435/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 8.5 പ്രകാരം, വികസന

പ്രൊജക്ടിന്റെ ഭാഗമായി പരിശീലനമാകാമെങ്കിലും പരിശീലനത്തിന് മാത്രമായി പ്രൊജക്ട് പാടില്ല. എന്നാൽ ഈ പ്രൊജക്ട് പ്രകാരം പരിശീലനം മാത്രമാണ് നൽകിയിട്ടുള്ളത്. ആയത് മേൽ ഉത്തരവിന് വിരുദ്ധമാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.06/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-21 സാക്ഷരതാ പ്രേരകിന് തനത്ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.

സ.ഉ (സാധാ) 626/21/ത.സ്വ.ഭ.വ തീയതി 26.2.2021 നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസംബർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം തനത്ഫണ്ടിൽ നിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് സാക്ഷരതാ മിഷൻ തിരികെ നൽകുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 2210004/01.04.2021 പ്രകാരം 2020 ഡിസംബർ, 2021 ജനവരി, ഫെബ്രുവരി മാസങ്ങളിലെ ഹോണറേറിയമായ 33,000 രൂപ കാരക്കോട് വികസന വിദ്യാകേന്ദ്രം പ്രേരകിനു നൽകിയിട്ടുണ്ട്. ആയത് റീഇംബേഴ്സ് ചെയ്ത് കിട്ടിയ വിവരം/റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനു സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.12/18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 74/22 |
| പ്രൊജക്ടിന്റെ പേര്. | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ. |
| അടങ്കൽ തുക | 6,48,000/- രൂപ. |
| വിനിയോഗിച്ച തുക | 2,67,298/-രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നമ്പർ / തീയതി | Bill No.21150763010201506448 / 29.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 49/2019/SPD Dt 14.11.2019ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ കാലാവധി 14.11.2020 മുതൽ 1.11.2021 വരെ ദീർഘിപ്പിച്ചുകൊണ്ട് GO(RT) 10/2021/SPD Dt 03.03.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ SIDCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം SIDCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ വിവിധ പദ്ധതികളിലായി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് സെക്രട്ടറി നിർവഹണം നടത്തിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ഫർണിച്ചർ വാങ്ങിയത് SIDCO യിൽ നിന്നാണ്. എന്നാൽ പ്രൊജക്ട് പ്രകാരം വാങ്ങിയ താഴെ കാണിച്ച സാധനങ്ങൾ ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് വാങ്ങാൻ അംഗീകരിക്കപ്പെട്ടവയല്ല.

| ക്രമ നം | സാധനം (Inv.No.MJRI/21-22/476 Dt: 25.03.2022) | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | L Shape Executive Table With Two Drawer, One Cup Board And Key Board UPS Provision 160 X 75 X 75cm | 2 Nos @17000 | 34000 |

| | | | |
|---|---|---|---|
| 2 | Executive Highback Revolving Chair | 1 Nos @8024 | 8024 |
| 3 | Steel Visitors Chair With Cushion Seat And Back | 22 Nos @ 4200 | 92400 |
| 4 | Armed Fibre Chair | 100 @590 | 59000 |
| 5 | Prelaminated Board Almirah 18mm Prelaminated Board Using Provide Two Door And Locking Facility 198 X 90 X 40cm | 1 @10500 | 10500 |
| 6 | Prelaminated Board Almirah With Glass Door Five Fixed Shelves 198 X 90 X 40cm | 1 @12800 | 12800 |
| 7 | Executive High Back Revolving Chair (Special Type) | 1 @9800 | 9800 |
| GST (18%) | | | 40774 |
| Total | | | 267298 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ്, മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ SIDCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. സർക്കാർ ഉത്തരവുകൾ പാലിക്കാതെ സിഡ്കോ മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് 2,67298/- രൂപ തടസ്സം ചെയ്യുന്നു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ എന്നാണ് പ്രൊജക്ടിന്റെ പേരെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന് വേണ്ടിയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. കൈമാറിക്കിട്ടിയ ഏത് സ്ഥാപനത്തിനാണ് വാങ്ങലുകൾ നടത്തേണ്ടത് എന്നും പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.13/18.03.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-23 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 8/22 |
| അടങ്കൽ തുക | 6,00,000 രൂപ. (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവഴിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 4,10,000 രൂപ. |
| ബിൽ നമ്പർ / തീയതി | 21150763021501038284/01.02.2022 – 50,000 രൂപ.<br>21150763021501046434/02.02.2022 – 50,000 രൂപ.<br>21150763021501227479/02.03.2022 – 50,000 രൂപ.<br>21150763021501269134/08.03.2022 – 1,70,000 രൂപ.<br>21150763021501379540/19.03.2022 – 50,000 രൂപ.<br>21150763021501481057/26.03.2022 – 40,000 രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികവർഗ്ഗ വികസന ഓഫീസർ. |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം താഴെ പറയുന്ന3 വിദ്യാർത്ഥികൾക്കാണ് പഠനമുറി നിർവ്വഹണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളത്.

1). അഭിനന്ദ്, S/o.ബാലൻ, കാവുങ്ങൽ ഹൗസ്, അകമ്പാടം കോളനി.

2). പ്രവീൺകുമാർ, S/o.അനിത, പുതിയകളത്തിൽ, പുതുവായ്കോളനി, മൂത്തേടം.

3). വിഷ്ണു.എം.ബി, മടത്തോടൻ ഹൌസ്, പെരുമ്പിലാട്, ചുങ്കത്തറ.

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.17 പ്രകാരം

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൌകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൌകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികം ആകാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള വീടിന്റെ ഉടമസ്ഥാവകാശം, വിസ്തീർണ്ണം എന്നിവ വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പുതുതായി നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണവും ലഭ്യമല്ല.

2). മേൽ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | |
|---|---|---|---|
| | | ബിൽ നമ്പർ / തിയ്യതി | തുക |
| 1 | അഭിനന്ദ്, S/o.ബാലൻ, കാവുങ്ങൽ ഹൗസ്, അകമ്പാടം കോളനി. | 21150763021501227479/ 02.03.2022 | 50,000 |
| 2 | പ്രവീൺകുമാർ, S/o.അനിത, പുതിയകളത്തിൽ, പുവായ്കോളനി. | 21150763021501038284/ 01.02.2022 | 50,000 |
| | | 21150763021501269134/ 08.03.2022 | 60,000 |
| | | 21150763021501379540/ 19.03.2022 | 50,000 |

ഈ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.4/15.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 എസ്.ടി കോളനികളിൽ പഠനവീട് അനുബന്ധ സാമഗ്രികൾ (ജനമൈത്രി എക്സൈസ്) - ജി.എസ്.ടി യുടെ ടി.ഡി.എസ് ഈടാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 111/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവഴിച്ച തുക | 8,56,858/- |
| ബിൽ നമ്പർ / തീയതി (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 25/2020-21 തീ.18.08.2021 |

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 (1) പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ എസ്.ടി കോളനികളിൽ പഠനവീട് അനുബന്ധ സാമഗ്രികൾ (ജനമൈത്രി എക്സൈസ്) എന്ന പദ്ധതി പ്രകാരം അസിം ഡിസൈനേഴ്സ് & ഇന്റീരിയേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ബെഞ്ച്, ഡെസ്ക് മുതലായ ഫർണ്ണിച്ചറുകൾ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം4,59,480/- രൂപയുടെ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ / തീയതി | തുക | ജി.എസ്.ടി | ഇൻവോയിസ് തുക |
|---|---|---|---|---|
| 1 | 329/19.12.2021 | 1,17,695 | 21,185 | 1,38,880 |
| 2 | 330/19.12.2021 | 88,271 | 15,889 | 1,04,160 |
| 3 | 331/19.12.2021 | 1,02,983 | 18,537 | 1,21,520 |
| 4 | 332/19.12.2021 | 80,441 | 14,479 | 94,920 |
| ആകെ | | 3,89,390 | 70,090 | 4,59,480 |

എന്നാൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.05/15.03.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 സുഭിക്ഷ കേരളം പദ്ധതി- അടങ്കൽ തുകയേക്കാൾ 397628/- രൂപ അധികം ചെലവഴിച്ചു.

നിലമ്പൂർ ബ്ലോക്ക് കൃഷി അസി. ഡയറക്ടർ നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതിക്കായി ( 70/22) അടങ്കൽ

തുകയേക്കാൾ 397628/- രൂപ അധികം ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | സുഭിക്ഷ കേരളം ( 70/22) |
| അടങ്കൽ | 1478000 ( വികസന ഫണ്ട് ജനറൽ ) + 2899000 (മറ്റ് ഗ്രാമ പഞ്ചായത്ത് ) |
| ചെലവ് | 1875628 ( വികസന ഫണ്ട് ജനറൽ ) + 0 (മറ്റ് ഗ്രാമ പഞ്ചായത്ത് ) |

അടങ്കൽ തുകയേക്കാൾ വികസന ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്ത് | തുക |
|---|---|
| ചാലിയാർ | 803000/-<br>ബി.നം 2/21-22/23.02.2022 |
| എടക്കര | 180000/-<br>ബി.നം 4/21-22/08.03.2022 |
| വഴിക്കടവ് | 217628/-<br>ബി.നം 5/21-22/08.03.2022 |
| ചുങ്കത്തറ | 675000/-<br>ബി.നം 135/09.02.22:218070<br>ബി.നം136/09.02.22:456930<br>(ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല) |

അധിക തുക ചെലവഴിക്കാനിടയായ സാഹചര്യം ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ കർഷകർക്കായി തുക ചെലവഴിച്ചതു സംബന്ധിച്ച വിവരം 675000/- രൂപയുടെ ചെലവ് വിവരം ക്യാഷ് ബുക്കിൽ ചേർക്കാത്തതിന്റെ കാരണവും പദ്ധതിക്കായി മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ തുകയുടെ വിവരവും ആയത് ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9/17.03.2023 മറുപടി ലഭ്യമാക്കിയില്ല.)

പദ്ധതി അടങ്കലിനേക്കാൾ അധിക തുക ചെലഴിച്ചത് അനുമതി ഇല്ലാത്ത ചെലവായി ഓഡിറ്റ് കണക്കാക്കുന്നു. അനുമതി ഇല്ലാതെ ഇത് എപ്രകാരം നടപ്പാക്കി എന്ന വിവരവും റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-26 CHC മതിൽ നിർമ്മാണം; അപാകത കാരണം മതിൽ പൊളിച്ചു നീക്കി, വിശദാംശം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രവൃത്തി | CHC ചുങ്കത്തറ ഡയാലിസിസ് യൂനിറ്റിന്റെ മുൻവശം,ഗേറ്റ്, മുറ്റം ഇന്റർലോക്ക് ചെയ്ത് മോഡി പിടിപ്പിക്കൽ, ടോയ്ലറ്റ് റിപ്പയർ- 128/22 |
| അടങ്കൽ | 1500000 (MG NR) |
| കരാറുകാരൻ | കെ എ പീറ്റർ |
| കരാർ | 38/20-21/189-2-2021 |
| അളവ് പുസ്തകം | 40/20-21 |
| ചെലവ് | 12,11,899/- |
| BRN | 2115076302170O554342/25-10-21 |
| Cost Index | 31.06% |
| സാങ്കേതികാനുമതി | LSGD/TS/2020-21/5883/2-2-21 |

| | |
|---|---|
| ഭരണാനമതി | 1/1/12-1-21 |

ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 17-3-2023 ന് നടത്തിയ സ്ഥലപരിശോധനയിൽ, മേൽ പ്രവൃത്തി പ്രകാരം നിർമ്മിച്ച മതിൽ (കരിങ്കൽ കെട്ട്) മുഴുവനായും പൊളിച്ച് മാറ്റി പുതിയ മതിൽ നിർമ്മാണം നടക്കുന്നതായി ബോധ്യപ്പെട്ടു.മേൽ പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തുന്നത് 29-1-21 ന് ആണ്. (അളവ് പുസ്തകം പേജ് 39)

ഈ പദ്ധതി പ്രകാരം നിർമ്മിച്ച മതിൽ ഏകദേശം 15.00 മീറ്ററിലധികം പൂർണ്ണമായി തകർന്നതായി ആശുപത്രി അധികൃതർ അറിയിച്ചത് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടുകയും കരാറുകാരന്റെ പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മയാണ് പ്രസ്തുത പ്രവത്തിയുടെ കേടുപാടിന് കാരണമെന്ന് ബോധ്യപ്പെട്ടുകയും കരാറുടമ്പടി പ്രകാരം ഈ തകർച്ച പ്രവൃത്തിയുടെ Defect Liability Period നുള്ളിൽ തന്നെയായതിനാൽ ആയത് അടിയന്തിരമായി പരിഹരിക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 5-7-22 ലെ 75/21-22 നമ്പർ കത്ത് പ്രകാരം കരാറുകാരനെ അറിയിച്ചിട്ടുണ്ടായിരുന്നു.പിന്നീട്, ശ്രീ അജിത്ത് കുന്നിപറമ്പിൽ എന്ന വ്യക്തി ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് പരാതി നൽകുകയും, ആശുപത്രി വളപ്പിലെ മറ്റു നിർമാണ പ്രവൃത്തികളുടെ ഭാഗമായി വലിയ അളവിലുള്ള മണ്ണ് LSGD എഞ്ചിനീയറിംഗ് ഓഫീസിന്റെ അറിവോ സമ്മതമോ ഇല്ലാതെ മതിലിന്റെ റിടെയ്നിംഗ് വാളിന് മുകളിലായി നിക്ഷേപിച്ചതിനാലും രാത്രിയിൽ പെയ്ത ശക്തമായ മഴയുടേയും ഫലമായി മതിൽ പൊളിഞ്ഞ് വീഴുകയാണുണ്ടായതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 6-7-22 ലെ 75/21-22 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചു.

പൊളിഞ്ഞ് വീണ നിർമ്മാണത്തിന് താഴെ പറയും പ്രകാരം 232789 രൂപ ചെലവഴിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ മേൽ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്

| ക്ര നം | ഇനം | പ്രവൃത്തി | ചെയ്ത അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | 2 | Demolishing Brick Work | 1.46 M3 | 917/m3 | 1338.82 |
| 2 | 3 | കരിങ്കൽ പടവ് | 35.38 M3 | 2088/m3 | 73873.44 |
| 3 | 4 | Demolishing D R | 15.89 M3 | 325/m3 | 5164.25 |
| 4 | 5 | കരിങ്കൽ പടവ് (Departmental) | 10.97m3 | 778/m3 | 8534.66 |
| 5 | 8 | സെന്ററിംഗ് & ഷട്ടറിംഗ് | 8.8 M2 | 211 | 1856.80 |
| 6 | 9 | Cc 1:2:4 | 2.2m3 | 6279/m3 | 13813.80 |
| 7 | 14 | Steel Re-inforcement | 87.15 Kg | 62/kg | 5403.30 |
| 8 | 15 | ചെങ്കൽ പടവ് | 11.02m3 | 5566/m3 | 61337.32 |
| 9 | 17 | 12mm Plaster | 117.19m2 | 188/m2 | 22031.72 |
| 10 | 18 | Painting | 79.2 M2 | 183/m2 | 14493.60 |
| | | | | ആകെ | 207847.71 |
| | | | | (+) 12% GST | 24941.73 |
| | | | | ആകെ | 232789.43 |

പിന്നീട്, 7-7-22 ലെ ഭരണസമിതിയുടെ അടിയന്തിരയോഗത്തിലെ 1(1) തീരുമാനപ്രകാരം ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ LSGD എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടുകയും (D-1774/2022/7-7-2022) എക്സിക്യൂട്ടീവ് എഞ്ചിനീയർ DB 1-ജനറൽ/22/13-7-22 പ്രകാരം സംരക്ഷണ ഭിത്തിയുടെ ഡിസൈൻ ചെയ്ത മണ്ണിനേക്കാൾ കൂടുതൽ മണ്ണ് നിക്ഷേപിച്ചത് മൂലമുള്ള മർദ്ദം കാരണവും അതിനനുസരിച്ച് വർദ്ധിച്ച Pore Water Pressure കാരണവുമാണ്ചുറ്റുമതിൽ തകരുവാൻ കാരണമായതെന്നും ചുറ്റുമതിലിന്റെ ഭൂരിഭാഗവും പുറത്തേക്ക് Tilt ചെയ്തതിനാൽ മുൻവശത്തുള്ള ചുറ്റുമതിൽ പൊളിച്ച് മാറ്റി പുതിയതായി ചുറ്റുമതിൽ നിർമിക്കേണ്ടതുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രവൃത്തി പ്രകാരം നിർമിച്ച മതിൽ (കരിങ്കൽ കെട്ട്) മുഴുവനായും പൊളിച്ച് മാറ്റി പുതിയ മതിൽ നിർമിക്കുന്നതെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് താഴെ പറയുന്ന ഓഡിറ്റ് അന്വേഷണങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. LSGD എഞ്ചിനീയറിംഗ് ഓഫീസിന്റെ അറിവോ സമ്മതമോ ഇല്ലാതെ മതിലിന്റെ റിടെയ്നിംഗ് വാളിന് മുകളിലായി മണ്ണ് നിക്ഷേപിച്ചത് ഏത് പ്രവൃത്തി പ്രകാരമാണെന്നും ഈ പ്രവൃത്തി ഏത് സ്ഥാപനമാണ് നടത്തിയിരുന്നതെന്നും അന്വേഷണ വിധേയമാക്കിയിരുന്നോ? ഇല്ലെങ്കിൽ എന്ത് കൊണ്ട്? ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് എപ്രകാരമാണ് ?

2. ബ്ലോക്ക് പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന CHC യിൽ മരാമത്ത് പ്രവത്തികൾ നടത്താൻ സാധ്യതയുണ്ടോ?

3. അത്തരം പ്രവത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അനുമതി നൽകുകയും ചെയ്തത് ഏത് അധികാരസ്ഥാപനമാണെന്ന് അന്വേഷണ വിധേയമാക്കിയിരുന്നോ എന്നും ഇല്ലെങ്കിൽ എന്ത് കൊണ്ടെന്നും ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് എപ്രകാരമാണ്?

4. CHC യിൽ മേൽ പ്രകാരം അനധികൃത നിർമ്മാണമാണ് നടന്നിരുന്നതെങ്കിൽ ആയത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ പരാതിപ്പെട്ടിട്ടുണ്ടോ?

5. ഈ പദ്ധതി പ്രകാരം നിർമ്മിച്ച മതിൽ ഏകദേശം 15.00 മീറ്ററിലധികം പൂർണ്ണമായി തകർന്നതായി ആശുപത്രി അധികൃതർ അറിയിച്ചത് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതായും കരാറുകാരന്റെ പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മയാണ് പ്രസ്തുത പ്രവൃത്തിയുടെ കേടുപാടിന് കാരണമെന്ന് ബോധ്യപ്പെട്ടതായും അസിസ്റ്റന്റ് എഞ്ചിനീയർ 5-7-22 ലെ 75/21-22 നമ്പർ കത്തിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ അടുത്ത ദിവസം അതായത് 6-7-22 ന്, ആശുപത്രി വളപ്പിലെ മറ്റു നിർമാണ പ്രവത്തികളുടെ ഭാഗമായി വലിയ അളവിലുള്ള മണ്ണ് LSGD എഞ്ചിനീയറിംഗ് ഓഫീസിന്റെ അറിവോ സമ്മതമോ ഇല്ലാതെ മതിലിന്റെ റിടെയ്നിംഗ് വാളിന് മുകളിലായി നിക്ഷേപിച്ചതിനാലും രാത്രിയിൽ പെയ്ത ശക്തമായ മഴയുടേയും ഫലമായി മതിൽ പെളിഞ്ഞ് വീഴുകയാണുണ്ടായതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 6-7-22 ലെ 75/21-22 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെയും അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ രണ്ട് ദിവസത്തിനുള്ളിൽ പരസ്പരവിരുദ്ധമായ രണ്ട് റിപ്പോർട്ടുകൾ നൽകാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കേണ്ടതാണ്

6. അസിസ്റ്റന്റ് എഞ്ചിനീയർ 6-7-22 ലെ 75/21-22 നമ്പർ കത്തിൽ, HMC നേരിട്ട് നടത്തിയതായി കാണുന്ന പ്രവൃത്തികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ആയത് എന്താണെന്ന് വിശദമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച 6 അന്വേഷണങ്ങൾക്ക് മറുപടിലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നംപർ 16/19-3-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അപാകതക്ക് കാരണമായവർക്കെതിരെ നടപടി സ്വീകരിച്ച് 232789.43 രൂപ തിരിച്ചീടാക്കി അറിയിക്കേണ്ടതുമാണ്.

## 1-27 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ; 44457 രൂപ തിരിച്ചടച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറികൾ (നംപർ 18/18-3-23, 19/19-3-23) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം 44457 രൂപ അടവാക്കുകയുണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക | രശീതി നംപർ/തീയതി |
|---|---|---|---|---|
| 1 | തെട്ടുമ്മട്ടി SC കോളനി കുടിവെള്ളപദ്ധതി, 113/22<br>അടങ്കൽ: 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>കരാറുകാരൻ: ഉബൈദുള്ള കെ<br>കരാർ: 28/20-21/21-10-2020<br>ചെലവ്: 487595/-<br>BRN:21150763021700575928 /28-10-21 | (1-4)cc 1:2:4 കുളത്തിന്റെ സംരക്ഷണഭിത്തി ഉയരം കൂട്ടൽ, കുളത്തിന് സൈഡിലെ കനാൽ നിർമാണം എന്നിവയിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് തുക നൽകി. | 38963രൂപ | 1220180100006 /20-3-23 |
| 2 | പായമ്പാടം SC കോളനി കുടിവെള്ളപദ്ധതി, 104/22<br>അടങ്കൽ: 500000 (വികസനഫണ്ട് SCP)<br>കരാറുകാരൻ: ഗോപകുമാർ | Cc 1:2:4 Concrete Of Tap Fixing Stand കുറഞ്ഞ കനത്തിൽ കോൺക്രീറ്റ് ചെയ്തു | 5494രൂപ | 1220180100007 /20-3-23 |

| | | | | |
|---|---|---|---|---|
| | കെ വി<br>കരാർ: 56/21-22/25-1-22<br>ചെലവ്: 464922/-<br>BRN: 21150763021701472207 /26-3-22 | | | |
| | | ആകെ | 44457 രൂപ | |

ഇത്തരം അപാകതകൾ വരാതെ മേലിൽ ശ്രദ്ധിക്കേണ്ടതും ഈടാക്കിയ തുക അതാത് ഫണ്ടുകളിൽ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-28 നേരിട്ടുള്ള നിർവ്വഹണം നടത്തിയ പ്രവൃത്തി; GST റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

താഴെ പറയുന്ന പ്രവൃത്തി ടെണ്ടർ മുഖേന നടപ്പാക്കാനാണ് അംഗീകൃത പ്രൊജക്ടിൽ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ, ഭരണസമിതിയുടെ 1-11-2021 ലെ 1(3) നമ്പർ തീരുമാനപ്രകാരം നേരിട്ടുള്ള നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിന്റെ 12 % തുകയായ 45494.58 രൂപ GST ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ മൊത്തം ചെലവ് തുകയായ 405661 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിഗത അക്കൗണ്ട് ആയ 36543753369 ൽ ആണ് വരവ് വന്നിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട GST റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ മസ്റ്റർ റോൾ പ്രകാരം ഈ പ്രവൃത്തിയിൽ 91202 രൂപ കൂലിയിനത്തിൽ നൽകിയതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ചുങ്കത്തറCHC സ്പീച്ച് ഹിയറിംഗ് ക്യാബിൻ നിർമ്മാണം [168/22] |
| ഫണ്ട്/അടങ്കൽ/ T S | 425000 (വികസനഫണ്ട്-ജനറൽ) LSGD/TS/2021-22 /3985/18-1-22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| എം ബുക്ക് | 2/21-22 |
| ചെലവ് | 424616 രൂപ |
| BRN | 21150763021701168388/19-2-22 |
| മൂല്യനിർണ്ണയം | 379121.51 |
| (+) GST 12% | 45494.58 |
| ആകെ | 424616 |
| (-) റിടെൻഷൻ | 7582 |
| (-) നികുതി(IT 2%,WF 1%) | 11373 |
| ബാക്കി | 405661 രൂപ |

മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 2% നിരക്കിൽ GST TDS ചെയ്തിട്ടില്ല. ആയതിന് സമാനമായ തുക റിടെൻഷൻ എന്ന പേരിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നുണ്ട്.

ആയതിനാൽ GST വകുപ്പിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശം, TDS അടവാക്കിയതിന്റെ വിശദാംശം എന്നിവ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/19-3-23 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1) GST റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശം പരിശോധനക്ക് ഹാജരാക്കുകയോ അല്ലാത്ത പക്ഷം മേൽ

പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിന്റെ 12 % തുകയായ 45494.58 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് GST ഇനത്തിൽ നൽകിയത് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

2) റിടെൻഷൻ എന്ന പേരിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയ 7582 രൂപ എപ്രകാരം ചെലവഴിച്ച എന്ന വിവരം അറിയിക്കേണ്ടതാണ്. ടി തുകയും പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 1-29 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിലെ അപാകതകൾ

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ 17-3-23 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

A) തെട്ടുമട്ടി SC കോളനി കുടിവെള്ളപദ്ധതി, 113/22

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രവൃത്തി | തെട്ടുമട്ടി SC കോളനി കുടിവെള്ളപദ്ധതി, 113/22 |
| അടങ്കൽ | 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| കരാറുകാരൻ | ഉബൈദുള്ള കെ |
| കരാർ | 28/20-21/21-10-2020 |
| അളവ് പുസ്തകം | 39/20-21 |
| ചെലവ് | 487595/- |
| BRN | 21150763021700575928/28-10-21 |
| Cost Index | 31.06% |

1. ചില പ്രവൃത്തി ഇനങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ അളവിലും മറ്റുചിലത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരവും ചെയ്തിട്ടില്ലെന്നും വ്യക്തമായി. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | കുറവ് | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| (1-4)cc 1:2:4 കുളത്തിന്റെ സംരക്ഷണഭിത്തി ഉയരം കൂട്ടൽ | 15x0.30x0.60 = 2.70 M3<br>6x0.30x0.60 = 1.08 M3<br>ആകെ: 3.78 M3 | ചെയ്തിട്ടില്ല | 3.78 M3 | 7184/m3 | 27155.52 |
| (1-4) Cc 1:2:4 Wearing Course | 32.30 M നീളം | 29.40 നീളത്തിൽ ചെയ്തു. | 2.90 X (0.80+0.95)/2 X0.05 = 0.126 M3 | 7184/m3 | 905.18 |
| (1-2) C C 1:4:8 | 32.30 M നീളം | 29.40 നീളത്തിൽ ചെയ്തു. | 2.90 X (0.75+0.90/2) X 0.10 = 0.239 M3 | 5869/m3 | 1402.69 |
| (1-3) സെന്ററിംഗ് & ഷട്ടറിംഗ് | 15.00 X 0.60 =9.00m2<br>6.00 X 0.60 = 3.60 M2<br>ആകെ: 12.60 M2 | ചെയ്തിട്ടില്ല | 12.60 M2 | 254/m2 | 3200.40 |
| (1-5) സിമെന്റ് | 32.30 M നീളം | 29.40 നീളത്തിൽ | Side Wall | 211/m2 | 2124.77 |

| | | | | | |
|---|---|---|---|---|---|
| പ്ളാസ്റ്ററിംഗ് | | ചെയ്തു. | 2x2.90x1.00= 5.80m2<br>Top Of Side Wall<br>2x2.90x0.30 = 1.74m2<br>Bottom Of Canal<br>2.90 X (0.85+0.90/2)= 2.53 M2<br>ആകെ: 10.07 M2 | | |
| | | | | (+) 12% GST | 4174.62 |
| | | | | ആകെ | 38963.18 |

ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച മേൽ തുക തിരിച്ചടച്ചു.

2) L S പ്രകാരം 2 H P മോട്ടോർ സ്ഥാപിച്ചതിന് 3000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപിച്ചതിന് ശേഷം ഒരു മാസത്തിനുള്ളിൽ തന്നെ മോട്ടോർ പ്രവർത്തനരഹിതമായെന്നും പിന്നീട് വെള്ളം ലഭിച്ചിട്ടില്ലെന്നും ഗുണഭോക്താവായ വിലാസിനി എന്നവർ സ്ഥലപരിശോധനാവേളയിൽ വ്യക്തമാക്കി.

3) കുളത്തിലേക്ക് അഴുക്കുവെള്ളം ഒലിച്ചിറങ്ങാതിരിക്കുന്നതിനാണ് കുളത്തിനരികെയുള്ള നിലവിലുള്ള കനാലിന്റെ സൈഡ് വാള് ലൈൻ കോൺക്രീറ്റ് (2 X 32.30 X 0.05 X 1.00 അളവിൽ) ചെയ്യുകയും ആയതിന്റെ പ്രതലം സിമെന്റ് പ്ളാസ്റ്റർ ചെയ്തിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും കുളത്തിലേക്ക് അഴുക്കുവെള്ളം ഒലിച്ചിറങ്ങുന്നുണ്ടെന്ന് പ്രദേശവാസികൾ അറിയിച്ചു. കനാലിന്റെ അടിഭാഗത്ത് കുളത്തിനോട് ചേർന്ന സ്ഥലത്ത് സിമെന്റ് പ്ളാസ്റ്റർ ചെയ്ത ഇടങ്ങളിൽ വിള്ളൽ കാണുന്നുണ്ട്.

4) ഇനം 2-5 പ്രകാരം ISI മാർക്കുള്ള 5000 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 9.50/ലിറ്റർ പ്രകാരം 47500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ISI മാർക്ക് ഇല്ലാത്ത വാട്ടർ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 17-3-2023 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി.

B) പായിമ്പാടം കോളനി കുടിവെള്ളപദ്ധതി, പൂർത്തീകരണം എടക്കര 104/22

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രവൃത്തി | പായിമ്പാടം SC കോളനി കുടിവെള്ളപദ്ധതി, 104/22 |
| അടങ്കൽ | 500000 (വികസനഫണ്ട് SCP) |
| കരാറുകാരൻ | ഗോപകുമാർ കെ വി |
| കരാർ | 56/21-22/25-1-22 |
| അളവ് പുസ്തകം | 38/21-22 |
| ചെലവ് | 464942/- |
| BRN | 21150763021701472207/26-3-22 |
| Cost Index | 36.44% |

1. മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന ഇനം പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ അളവിലാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമായി. 12 എണ്ണം Tap Fixing Stand 0.15മീറ്റർ കനത്തിൽ കോൺക്രീറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 0.05 മീറ്ററിൽ കുറവ് കനത്തിൽ മാത്രം ചെയ്തതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. മാത്രമല്ല, ആയതിന്റെ നീളം, വീതി എന്നിവ 0.50 മീറ്റർ മുതൽ 0.90 മീറ്റർ വരെ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 0.50 മീറ്ററോ അതിൽ കുറവോ ആയി ചെയ്തതായാണ് സ്ഥലപരിശോധനയിൽ കാണുന്നത്.

വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | കുറവ് | നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|---|
| (3-9) Cc 1:2:4 Concrete Of Tap Fixing Stand | 12 എണ്ണത്തിന്റെ ആകെ അളവ് ആകെ: 0.76 M3 | 12 X 0.50 X 0.50 X 0.05 = 0.15 M3 | 0.61 M3 | 8040.95/m3 | 4904.97 |
| | | | | (+) 12% GST | 588.59 |
| | | | | ആകെ | 5493.56 രൂപ |

ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച മേൽ തുക തിരിച്ചടച്ചു.

2. ഇനം 1-17 പ്രകാരം ISI മാർക്കുള്ള 5000 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 10.44/ലിറ്റർ പ്രകാരം 52200 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ISI മാർക്ക് ഇല്ലാത്ത വാട്ടർ ടാങ്കാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 17-3-2023 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഇക്കാര്യമുന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള (18/19-3-23, 19/19-3-23) മറുപടി പ്രകാരം A,B എന്നിവയിലെ ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക തിരിച്ചടച്ചതായി അറിയിച്ചു. അവശേഷിക്കുന്ന അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 കൺവീനർ പ്രവൃത്തി- അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി; 21082/- രൂപയുടെ നഷ്ടം.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളില്, GST നിലവിൽ വന്നശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റില് ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയതുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | CHC അഭിവൃദ്ധിപ്പെടുത്തൽ [114/22] |
| ഫണ്ട്/അടങ്കൽ/ ചെലവ് | 500000 (വികസനഫണ്ട്-ജനറൽ) |
| ടി എസ് | LSGD/TS/2021-22/22727 /14-5-21<br>(CI 31.06%) |
| കരാർ | 1/21-22/AE/NBR/2021-22 /21-5-21 |
| എം ബുക്ക് | 8/19-20 |
| കൺവീനർ | Dr ലാൽ പരമേശ്വർ, MO-CHC |
| BRN | 21150763021700315188/16-8-21 |

| അധിക ചെലവിന്റെ വിവരം | |
|---|---|
| നൽകിയ തുക | 453255/- |
| അധികം നൽകിയ തുക [5% കുറവ് ചെയ്ത്] | 21082/- [Ie, 453255 X 5/107.5] |

കൺവീനർക്ക് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകിയത് മൂലം 21082/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ GST 12 % ആയി കൺവീനർക്ക് 48563.01 രൂപ (12% Of 404691.74) നൽകിയിട്ടുണ്ട്. എന്നാൽ GST വകുപ്പിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. GST അടവാക്കാത്തപക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നംപർ 20/19-3-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നിലമ്പൂർ SBI യിൽ ഉള്ള 67336290699 നമ്പർ ബാങ്ക് അക്കൗണ്ടില് 29-11-12 ന് 75721 രൂപയും നിലമ്പൂർ സബ് ട്രഷറിയിലെ 135 നമ്പർ സെപ്ഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ 2-3-23ന് 1,59,644 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും ഓഫീസിലെ കാഷ്ബുക്കിൽ ഈ അക്കൗണ്ടുകളിലെ വരവ്-ചെലവ് – നീക്കിബാക്കി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക ബന്ധപ്പെട്ട ആവശ്യത്തിന് IT,GST എന്നീ വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് പരിശോധിച്ച്, പ്രസ്തുത ആവശ്യത്തിന്/ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നംപർ 21/19-3-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തിസ്ഥലത്ത് ചെയ്ത അളവുകളും തമ്മിൽ പൊരുത്തക്കേട്.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 5 പ്രൊജക്ടുകൾ ഓഡിറ്റിന്റെ ഭാഗമായി 17-3-23 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയുണ്ടായി. ഈ 5 പ്രൊജക്ടുകളിൽ 4 എണ്ണത്തിന്റെയും പരിശോധനക്ക് വിധേയമാക്കിയ ചില പ്രവൃത്തി ഇനങ്ങളുടെ അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തിസ്ഥലത്ത് ചെയ്ത അളവുകളും തമ്മിൽ പൊരുത്തക്കേട് കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമം | പ്രവൃത്തി | അഭിപ്രായം |
|---|---|---|
| 1 | തെടിമുട്ടി ST കോളനി കുടിവെള്ള പദ്ധതി 113/22 | അളവുകളിലെ വിത്യാസം പ്രത്യേക ഖണ്ഡികയായി ഈ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. |

| | | |
|---|---|---|
| 2 | പായിമ്പാടം കോളനി കുടിവെള്ള പദ്ധതി 104/22 | അളവുകളിലെ വിത്യാസം പ്രത്യേക ഖണ്ഡികയായി ഈ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. |
| 3 | CHC അഭിവൃദ്ധിപ്പെടുത്തൽ 114/22 | ഇനം 3 പ്രകാരമുള്ള അലൂമിനിയം ഫ്രെയിം കൊണ്ടുള്ള പ്രവൃത്തി( DSR Code 21.1.1.2) പരിശോധിച്ചതിൽ Vertical ആയും Horizontal ആയും ചെയ്യവയിൽ വിത്യാസം കണ്ടു |
| 4 | കോവിഡ് വാക്സിനേഷൻ സംന്റർ വിപുലീകരണം 166/22 | ഇനം 17 പ്രകാരമുള്ള Truss Work ( DSR Code 50-10-1) ചെയ്യതവയിൽ വിത്യാസം കണ്ടു |
| 5 | CHC ചുങ്കത്തറ ഡയാലിസിസ് യൂനിറ്റിന്റെ മുൻവശം,ഗേറ്റ്, മുറ്റം ഇന്റർലോക്ക് ചെയ്ത് മോഡി പിടിപ്പിക്കൽ, ടോയ്ലറ്റ് റിപ്പയർ- 128/22 | പദ്ധതി പ്രകാരം നിർമ്മിച്ച മതിൽ പരിശോധനാ സമയത്ത് പൂർണ്ണമായും പൊളിച്ച് കളഞ്ഞിട്ടുണ്ട്.ഇക്കാര്യം പ്രത്യേക ഖണ്ഡികയായി ഈ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. |

ഓഡിറ്റ് വേളയിൽ മുഴവൻ പദ്ധതികളും നേരിൽ പരിശോധിക്കുന്നത് പ്രായോഗികമല്ല. പരിശോധിച്ചവയിൽ മുഴവൻ അളവ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തിസ്ഥലത്ത് ചെയ്ത അളവുകളും തമ്മിൽ പൊരുത്തക്കേട് കണ്ടെത്തിയതിനാൽ ഭരണസമിതി ഈ വിഷയം ഗൗരവമായി കാണേണ്ടതും സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.03.2023 മുതൽ 15.03.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1568000 | പ്രോജക്റ്റ് നം. 72/22<br>PMAY -ജനറൽ | 1568000 | 0 |
| ജില്ലാ പഞ്ചായത്ത് | 98000 | പ്രോജക്റ്റ് നം. 76/22<br>PMAY -SC | 98000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 98000 | പ്രോജക്ട് നം. 82/22 PMAY -ST | 98000 | 0 |
| എടക്കര ഗ്രാമപഞ്ചായത്ത് | 399640 | പ്രോജക്ട് നം. 144/22 പാതിരിപ്പാറ മുണ്ടപ്പൊട്ടി റോഡ് എടക്കര ഗ്രാമ പഞ്ചായത്ത് | 399640 | 0 |
| ചാലിയാർ ഗ്രാമപഞ്ചായത്ത് | 350000 | പ്രോജക്ട് നം. 72/22 PMAY -ജനറൽ | 350000 | 0 |
| എടക്കര ഗ്രാമപഞ്ചായത്ത് | 210000 | പ്രോജക്ട് നം. 72/22 PMAY -ജനറൽ | 210000 | 0 |
| മൂത്തേടം ഗ്രാമപഞ്ചായത്ത് | 70000 | പ്രോജക്ട് നം. 72/22 PMAY -ജനറൽ | 70000 | 0 |
| പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | 490000 | പ്രോജക്ട് നം. 72/22 PMAY -ജനറൽ | 490000 | 0 |
| വഴിക്കടവ് ഗ്രാമപഞ്ചായത്ത് | 350000 | പ്രോജക്ട് നം. 72/22 PMAY -ജനറൽ | 350000 | 0 |
| മൂത്തേടം ഗ്രാമപഞ്ചായത്ത് | 70000 | പ്രോജക്ട് നം. 76/22 PMAY -SC | 70000 | 0 |
| മൂത്തേടം ഗ്രാമപഞ്ചായത്ത് | 140000 | പ്രോജക്ട് നം. 82/22 PMAY -ST | 140000 | 0 |
| പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | 70000 | പ്രോജക്ട് നം. 82/22 PMAY -ST | 70000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 33 | 2004-05 | 33 | രേഖകൾ ലഭ്യമാക്കാത്തത് | എൽ.എഫ്.എ.സി.(11-16 )-3-ാമത് റിപ്പോർട്ട് പ്രകാരം പരിശോധനാകുറിപ്പ് നൽകി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107102341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97431973 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 69,00,028 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 37,99,295 | ശ്രീമതി. അർച്ചന.വി.എസ്, സി.ഡി.പി.ഒ. |
| 1-18 | 28,08,000 | ശ്രീ.സന്തോഷ്.എ.ജെ, സെക്രട്ടറി |
| 1-20 | 25,435 | ശ്രീ.സന്തോഷ്.എ.ജെ, സെക്രട്ടറി |
| 1-22 | 2,67,298 | ശ്രീ.സന്തോഷ്.എ.ജെ, സെക്രട്ടറി |
| ആകെ | 69,00,028 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/1797/2003/23-11-2004 | 6 |
| 2001-02 | എൽ.എഫ്.എം.4/1459/14(3) തി.08.12.2014 | 8 |
| 2003-04 | എൽ.എഫ്.എം.4/1459/14(5) തി.08.12.2014 | 10 |
| 2004-05 | എൽ.എഫ്.എം.4/1459/14(6) തി.08.12.2014 | 2 |
| 2005-06 | എൽ.എഫ്.എം.4/1459/14(7) തി.08.12.2014 | 4 |
| 2006-07 | എൽ.എഫ്.എം.4/1459/14(8) തി.08.12.2014 | 6 |
| 2007-08 | എൽ.എഫ്.എം.4/2001/21 തി.21.04.2022 | 43 |
| 2008-09 | എൽ.എഫ്.എം.4/1459/14(10) തി.08.12.2014 | 10 |
| 2009-10 | എൽ.എഫ്.എം.4/1459/14(11) തി.08.12.2014 | 14 |
| 2010-11 | എൽ.എഫ്.എം.4/25/13 തി.10.12.2015 | 14 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/230/14 തി.29.10.2014 | 19 |
| 2013-14 | എൽ.എഫ്.എം.4/2458/14 തി.23.01.2016 | 4 |

| | | |
|---|---|---|
| 2014-15 | എൽ.എഫ്.എം.4/1332/17 തി.16.11.2020 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം4/820/2020 തി,17.11.2020 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം4/78/20 തി.20.01.2021 | 13 |
| 2017-18 | കെ.എസ്.എ.എം.പി.എം4/2739/19 തി.19.11.2020 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/608/2021 തി.04.02.2021 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/312 /2022/16-03-2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/2410 /2022/08.11.2022 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്